(ഇ) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് ഉത്തരവായിക്കൊണ്ട് മാർക്കറ്റ് ഫെഡ്, റബ്ബർമാർക്ക് എന്നീ ഏജൻസികൾ മുഖേന റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. അതുപ്രകാരം മാർക്കറ്റ് ഫെഡും, റബ്ബർമാർക്കും 1227.32 ടൺ റബ്ബർ 2014 ഡിസംബർ മാസം വരെ സംഭരിച്ചിരുന്നു.

## സമഗ്ര പച്ചക്കറി വികസന പദ്ധതി

161 (1632) ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും, വിഷ വിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കുവാനും, വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തുവാനും, വനിതകളെ ജൈവകൃഷിയിലേക്ക് ആകർഷിക്കുവാനും, നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ തലമുറയെ കാർഷിക വൃത്തിയിലേക്കാകർഷിക്കുവാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നല്കി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജൈവരീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവ കൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും, കൈപുസ്തകങ്ങളും, സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നല്കിവരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പദ്ധതി മുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷി ഭവൻ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംഭരണ വിതരണം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക്

162 (1633) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റബ്ബർ കർഷകരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) റബ്ബറിന് താങ്ങുവിലയായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത് എത്ര രൂപയാണ്; പ്രസ്തുത വിലയിൽ എത്ര ടൺ റബ്ബർ സംഭരിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) സബ്സിഡിയായി ഇതുവരെ എത്ര രൂപ എത്ര കർഷകർക്ക് അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സബ്സിഡിക്കായി എത്ര റബ്ബർ കർഷകർ പി.ആർ.എസ്സ്-കളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 10.5 ലക്ഷം റബ്ബർ കർഷകരാണുള്ളത്. ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

(ബി) റബ്ബർ ഉൽപ്പാദനം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | ഉല്പാദനം (ടൺ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 29200 |
| കൊല്ലം | 35000 |
| ആലപ്പുഴ | 4200 |
| പത്തനംതിട്ട | 50400 |

LIBRARY ARCHIVES Kerala Legislative Assembly